**കേരള കാർഷിക സർവ്വകലാശാല**
**കശുമാവ് ഗവേഷണ കേന്ദ്രം,മാടക്കത്തറ**

**ക്വട്ടേഷൻ നോട്ടീസ്**

സി.ആർ.എം(അക്കൗ)889/23 തിയ്യതി : 12/05/2023

മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രത്തിൽ 2023 സീസണിൽ ആവശ്യമായ ഒട്ടു കശുമാവ് തൈകൾ കരാർ അടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് കൈമാറുന്നതിന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

വ്യവസ്ഥകൾ

1. ഗവേഷണകേന്ദ്രത്തിൽ നിന്നും കൈമാറുന്ന 50,000 കശുമാവിൻ തൈകളിൽ ഉദ്യോഗസ്ഥർ നിർദ്ദേശിക്കുന്ന ഒട്ടു കമ്പുകൾ ഇനം തിരിച്ച് ശേഖരിച്ച് മൃദു കാണ്ഡം ഒട്ടിപ്പ് സാങ്കേതിക വിദ്യയിൽ ഉൽപാദിപ്പിക്കേണ്ടതാണ്.
2. ക്വട്ടേഷൻ സ്വീകരിച്ച് 28 ദിവസത്തിനകം ഒട്ടുകശുമാവ് തൈകളുടെ ഉൽപ്പാദനം പൂർത്തീകരിക്കേണ്ടതാണ്.
3. നിലവിലുള്ള കേരള കാർഷിക സർവ്വകലാശാല വ്യവസ്ഥകളും സർക്കാർ ക്വട്ടേഷനുള്ള എല്ലാ നിയമങ്ങളും ഇതിനും ബാധകമാണ്.
4. ക്വട്ടേഷൻ വ്യവസ്ഥകളിൽ വീഴ്ച്ച വരുത്തിയാൽ ഒട്ടു തൈ ഉൽപാദനത്തിനുള്ള പ്രതിഫലം നിബന്ധന പാലിക്കുന്നതുവരെ തടഞ്ഞുവെക്കുവാനോ ക്വട്ടേഷൻ റദ്ദാക്കുവാനോ,സെക്യൂരിറ്റി നിക്ഷേപത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുവാനോ, നിയമനടപടികൾ സ്വീകരിക്കുവാനോ സ്റ്റേഷൻ ഹെഡിന് അധികാരം ഉണ്ടായിരിക്കും.
5. മൊത്തം തുകയിൽ നിന്നും സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആദായ നികുതി ഈടാക്കുന്നതായിരിക്കും. ഇതു കൂടാതെ ഇതുമായി ബന്ധപ്പെട്ട് സർക്കാരിലേയ്ക്ക് മറ്റേതെങ്കിലും നികുതികൾ കാലാകാലങ്ങളിൽ അടയ്ക്കേതുണ്ടെങ്കിൽ അതും അടയ്ക്കുവാൻ ബാദ്ധ്യസ്ഥനായിരിക്കും.
6. ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തികൾ ആധാർ കാർഡിന്റേയും പാൻ കാർഡിന്റേയും പകർപ്പ് ഹാജരാക്കണം.

മുദ്രവെച്ച ക്വട്ടേഷനുകൾ **19/05/2023** തിയ്യതിക്കകം രാവിലെ 11 മണിക്ക് മുൻപായി അസിസ്റ്റന്റ് പ്രൊഫസ്സർ ആന്റ് ഹെഡ്-ഇൻ- ചാർജ്ജ്, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ ഒട്ടു കശുമാവ് തൈ ഉൽപാദനത്തിനുള്ള ക്വട്ടേഷൻ എന്ന് കവറിന് പുറത്ത് എഴുതിയിരിക്കണം. ക്വട്ടേഷനുകളോടൊപ്പം നിരതദ്രവ്യമായി **1000/-രൂപ** ഓഫീസിൽ അടക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേ ദിവസം രാവിലെ 11.30 ന് തന്നെ തൽസമയം സന്നിഹിതരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

ഒട്ടുതൈ ഉൽപ്പാദനത്തിനായി ക്വട്ടേഷൻ ലഭിച്ചിട്ടുള്ളവർ 5000 രൂപ സെക്യൂരിറ്റി നിക്ഷേപമായി **26/05/2023** നകം അടയ്ക്കേണ്ടതാണ്. ഒട്ടു തൈ ഉൽപ്പാദനം ക്വട്ടേഷൻ വ്യവസ്ഥകൾ അനുസരിച്ച് ചെയ്യാൻ തയ്യാറാണെന്നുള്ള ഒരു സമ്മതപത്രം **200/- രൂപ** യുടെ മുദ്രപത്രത്തിൽ 26/05/2023 നകം നൽകേണ്ടതാണ്. ക്വട്ടേഷനുകൾ കാരണം കാണിക്കാതെ നിരസിക്കാനുള്ള അധികാരം അസിസ്റ്റന്റ് പ്രൊഫസ്സർ ആന്റ് ഹെഡിൽ നിക്ഷിപ്തമാണ്.

അസിസ്റ്റന്റ് പ്രൊഫസർ ആന്റ് ഹെഡ് -ഇൻ-ചാർജ്ജ്

Assistant Professor & Head i/c
Cashew Research Station
Kerala Agricultural University
Madakkathara P. O., Thrissur-680 651

CASHEW RESEARCH STATION
MADAKKATHARA
PIN 680 651
KERALA AGRICULTURAL UNIVERSITY

പകർപ്പ് -

1. പഞ്ചായത്ത് ഓഫീസ്, വെള്ളാനിക്കര
2. വില്ലേജ് ഓഫീസ്,മാടക്കത്തറ
3. കൃഷിഭവൻ,മാടക്കത്തറ
4. കൃഷിഭവൻ,ഒല്ലൂക്കര
5. കെ.എ.യു വെബ് സൈറ്റ്
6. നോട്ടീസ് ബോർഡ്